പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 198

# 2024-ലെ കേരള പഴം, പച്ചക്കറി, നാണ്യവിള തൈകളുടെയും ഉദ്യാന, ഔഷധ ചെടികളുടെയും നഴ്സറികൾ നിയന്ത്രണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 198

**2024-ലെ കേരള പഴം, പച്ചക്കറി, നാണ്യവിള തൈകളുടെയും ഉദ്യാന, ഔഷധ ചെടികളുടെയും നഴ്സറികൾ നിയന്ത്രണ ബിൽ**

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

517/2024.

# 2024-ലെ കേരള പഴം, പച്ചക്കറി, നാണ്യവിള തൈകളുടെയും ഉദ്യാന, ഔഷധ ചെടികളുടെയും നഴ്സറികൾ നിയന്ത്രണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പഴം, പച്ചക്കറി, നാണ്യവിള തൈകളുടെയും ഉദ്യാന, ഔഷധ ചെടികളുടെയും ഉത്പാദന നഴ്സറികൾ നിയന്ത്രിക്കുന്നതിനും അപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പഴം, പച്ചക്കറി, നാണ്യവിള തൈകളുടെയും ഉദ്യാന, ഔഷധ ചെടികളുടെയും ഉത്പാദന നഴ്സറികൾ നിയന്ത്രിക്കുന്നതിനും അപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള പഴം, പച്ചക്കറി, നാണ്യവിള തൈകളുടെയും ഉദ്യാന, ഔഷധ ചെടികളുടെയും നഴ്സറികൾ നിയന്ത്രണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) “നടീൽ വസ്തുക്കൾ” എന്നാൽ സസ്യവർഗ്ഗത്തിൽപ്പെടുന്ന ഒരു സസ്യത്തിന്റെ വിത്തോ കിഴങ്ങോ വേരോ ഏതെങ്കിലും സസ്യഭാഗമോ എന്നിങ്ങനെ പുതിയ തൈകൾ ലഭിക്കുന്നതിന് നട്ടുവളർത്തുന്നതിനുതകുന്ന വസ്തു എന്നർത്ഥമാകുന്നു;

(ബി) “നഴ്സറി” എന്നാൽ വിവിധ സസ്യങ്ങളുടെ വ്യാപനത്തിനായി മാറ്റി നടുന്നതിന് പാകമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ശാസ്ത്രീയ കൃഷിരീതികൾ പ്രയോഗിച്ച് ഉത്പാദിപ്പിക്കുന്നത് ലക്ഷ്യമാക്കി അവയ്ക്ക് ആവശ്യമായ പരിചരണം നൽകുന്ന സസ്യവർഗ്ഗങ്ങളുടെ വളർത്തൽ കേന്ദ്രങ്ങൾ എന്നർത്ഥമാകുന്നു;

(സി) “പെഡിഗ്രി” എന്നാൽ ഒരു സസ്യത്തിന്റെ വംശാവലിയുമായി ബന്ധപ്പെട്ട ജനിതകഘടനയുടെ വിശദാംശങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) “ക്ഷമതയുള്ള അധികാരസ്ഥാനം” എന്നാൽ ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ സംസ്ഥാന സർക്കാർ ഒരു പ്രദേശത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള അധികാരസ്ഥാനമോ വ്യക്തിയോ എന്നർത്ഥമാകുന്നു;

(ഇ) “ഉടമ” എന്നാൽ ഒരു നഴ്സറിയുടെ പ്രവർത്തനങ്ങളിന്മേൽ പൂർണ്ണ ചുമതലയുള്ളയാളോ അധികാരസ്ഥാനമോ എന്നർത്ഥമാകുന്നു;

(എഫ്) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ജി) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) “നിർണ്ണയിക്കപ്പെട്ട” എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാലോ റെഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഐ) “റൂട്ട് സ്റ്റോക്ക്” എന്നാൽ ഗ്രാഫ്റ്റിംഗോ ബഡ്ഡിംഗോ ഏതിലേയ്ക്ക് നടത്തുന്നുവോ അതിനുള്ള ഒരു സസ്യഭാഗമോ സസ്യമോ എന്നർത്ഥമാകുന്നു;

(ജെ) “സയോൺ” എന്നാൽ ഒരു റൂട്ട് സ്റ്റോക്കിലേയ്ക്ക് ഗ്രാഫ്റ്റിംഗോ ബഡ്ഡിംഗോ നടത്തുന്നതിനുള്ള ഒരു സസ്യം എന്നർത്ഥമാകുന്നു;

(കെ) “ക്വാറന്റൈൻ” എന്നാൽ ഒരു പ്രോജനി ഓർച്ചാർഡിൽ വളരുന്ന ഒരു സസ്യത്തിന് ഉണ്ടാകുന്ന രോഗ-കീടാക്രമണം പകരുന്നത് തടയുവാനോ പരിമിതപ്പെടുത്തുവാനോ വേണ്ടി ആ സസ്യത്തെ വേർതിരിക്കുന്ന നടപടി എന്നർത്ഥമാകുന്നു;

(എൽ) “പ്രോജനി ഓർച്ചാർഡ്” എന്നാൽ വിവിധ മാതൃസസ്യങ്ങളിൽ നിന്നും അതത് സസ്യങ്ങളുടെ വംശവർദ്ധനവിനായി ശാസ്ത്രീയ രീതി അവലംബിക്കുന്ന നഴ്സറി എന്നർത്ഥമാകുന്നു;

(എം) “ലൈസൻസിംഗ് അതോറിറ്റി” എന്നാൽ ഈ ആക്റ്റിലെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിയോഗിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എൻ) “പാക്കേജ് ഓഫ് പ്രാക്ടീസ്”എന്നാൽ കർഷകർക്കും കൃഷിയുമായി ബന്ധപ്പെടുന്നവർക്കും നേരിടേണ്ടി വരുന്ന വെല്ലുവിളികൾക്കും അവർക്കുള്ള സംശയങ്ങൾക്കും ഉത്തരം നൽകുന്നതും ശാസ്ത്രീയ കാർഷിക ആശയങ്ങളെ നേരിട്ട് കർഷക സമൂഹത്തിന് നൽകുന്നതിനും കാർഷിക ഗവേഷണ സ്ഥാപനം പ്രസിദ്ധീകരിക്കുന്ന വിള പരിപാലന ശിപാർശകൾ അടങ്ങുന്ന രേഖ എന്നർത്ഥമാകുന്നു.

3. നഴ്സറി നടത്തിപ്പിനുള്ള ലൈസൻസ്.—(1) 1-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഈ ആക്റ്റ് നിലവിൽവന്ന് ആറ് മാസത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ സസ്യോൽപ്പാദക നഴ്സറികളുടെയും ഉടമകൾ നിയമപരമായ ലൈസൻസ് നേടിയിരിക്കേണ്ടതാണ്.

(2) ഒരു ഉടമ ഒന്നിലധികം നഴ്സറികൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി നടത്തുന്നപക്ഷം അത്തരത്തിലുള്ള ഓരോ നഴ്സറിക്കുമായി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രത്യേക ലൈസൻസ് നേടിയിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ലൈസൻസ് ലഭിക്കുന്നതിനായി നഴ്സറി ഉടമസ്ഥൻ നിർണ്ണയിക്കാവുന്ന മാതൃകയിലുള്ള അപേക്ഷ അപ്രകാരമുള്ള ഫീസ് അടച്ച് കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരവും നിർണ്ണയിക്കാവുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും പ്രദേശത്തെ കൃഷി ഓഫീസർ നിർദ്ദിഷ്ട സ്ഥലം പരിശോധിച്ചശേഷം,—

(i) ലൈസൻസിന് നൽകിയ അപേക്ഷ പ്രകാരമുള്ള നടീൽ വസ്തുക്കൾക്ക് അനുയോജ്യമാണ് നഴ്സറി എന്നോ;

(ii) അപേക്ഷകൻ അപ്രകാരമുള്ള നഴ്സറി സ്ഥാപിക്കുന്നതിനും നടത്തുന്നതിനും യോഗ്യതയുള്ളയാളാണെന്ന് ബോദ്ധ്യപ്പെടുകയോ;

(iii) ബന്ധപ്പെട്ട അധികാരസ്ഥാനത്തുനിന്ന് പുറപ്പെടുവിച്ച എല്ലാ നിബന്ധനകളും പാലിക്കപ്പെട്ടതായി അപേക്ഷ പരിശോധിച്ചതിൽ കണ്ടെത്തുകയോ;

(iv) അപേക്ഷയോടൊപ്പം നിർദ്ദിഷ്ട ഫീസ് ഒടുക്കിയതായ രേഖ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയോ,

ചെയ്യുന്നപക്ഷം അപ്രകാരമുള്ള അധികാരസ്ഥാനം അപേക്ഷകന് നഴ്സറി നടത്തുന്നതിനുള്ള ലൈസൻസിന് ശിപാർശ നൽകേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം കൃഷി ഓഫീസറുടെ ശിപാർശ സഹിതം നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകേണ്ടതാണ്. അദ്ദേഹം നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ ശിപാർശ സഹിതം അപേക്ഷ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകേണ്ടതും ലഭിച്ച അപേക്ഷ പരിശോധിച്ചശേഷം അർഹതയുണ്ടെന്ന് കണ്ടെത്തുന്നപക്ഷം അത്തരം നഴ്സറികൾക്ക് അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനകം പ്രിൻസിപ്പൽ കൃഷി ഓഫീസർ ലൈസൻസ് നൽകേണ്ടതുമാണ്.

4. ലൈസൻസിനുള്ള അപേക്ഷയിന്മേലുള്ള നടപടി.—(1) നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ലൈസൻസിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് അനുവദിക്കുകയോ, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയശേഷം കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തിക്കൊണ്ട് അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(2) അപേക്ഷ നിരസിക്കുന്ന സംഗതിയിൽ നിരസിക്കൽ സംബന്ധിച്ച അറിയിപ്പിന്റെ ഒരു പകർപ്പ് അപേക്ഷകന് നൽകേണ്ടതാണ്.

(3) അപേക്ഷ നിരസിക്കാത്ത സംഗതിയിൽ അപ്രകാരമുള്ള അപേക്ഷ ലഭിച്ച് അറുപത് ദിവസത്തിനുള്ളിൽ ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് അനുവദിച്ച് നൽകേണ്ടതാണ്.

5. <u>ലൈസൻസിന്റെ കാലാവധി.</u>—4-ാം വകുപ്പ് പ്രകാരം അനുവദിച്ച ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

6. <u>ലൈസൻസ് പുതുക്കൽ.</u>—(1) കാലാവധി പൂർത്തിയായ ലൈസൻസുകൾ യഥാസമയം പുതുക്കേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിനായി നിർണ്ണയിക്കാവുന്ന മാതൃകയിലുള്ള ഫോറത്തോടൊപ്പം അപ്രകാരമുള്ള ഫീസ് ഒടുക്കിയ രേഖ സഹിതം ലൈസൻസിംഗ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നപക്ഷം ബന്ധപ്പെട്ട അധികാരി നിർണ്ണയിക്കാവുന്ന കാലയളവിലേയ്ക്ക് ലൈസൻസ് പുതുക്കി നൽകേണ്ടതാണ്.

(2) ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് അറുപത് ദിവസത്തിന് മുൻപ്, നിർണ്ണയിക്കപ്പെട്ട രീതിയിൽ പുതുക്കുന്നതിനായുള്ള അപേക്ഷ നൽകിയിട്ടുള്ളപക്ഷം ലൈസൻസ് പ്രാബല്യത്തിലായിരിക്കുന്നതാണ്.

7. <u>നഴ്സറികൾക്ക് വേണ്ട സൗകര്യങ്ങൾ.</u>—(1) വിവിധ സസ്യങ്ങളുടെ തൈകൾ ഉത്പാദിപ്പിക്കുന്നതിനായി സ്ഥാപിക്കുന്ന നഴ്സറികളിൽ സംസ്ഥാനത്തെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ ഉണ്ടാകേണ്ട കുറഞ്ഞ സ്ഥലസൗകര്യം നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(2) ശാസ്ത്രീയമായ രീതികൾ അവലംബിച്ചുകൊണ്ട് രൂപപ്പെടുത്തിയിട്ടുള്ള ഒരു പ്രോജനി ഓർച്ചാർഡ് ഓരോ നഴ്സറിയിലും വികസിപ്പിക്കേണ്ടതാണ്.

(3) ഒരു നഴ്സറിയിൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാത്തരം നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നത് നഴ്സറി പരിസരത്തായിരിക്കേണ്ടതാണ്.

(4) തൈകൾ ഉൽപ്പാദിപ്പിക്കുന്നതിൽ ഓരോ സസ്യത്തിന്റെയും ഓരോ വ്യത്യസ്ത ഇനത്തിനും പ്രത്യേകം സ്ഥലം വേർതിരിക്കേണ്ടതാണ്. ഇവയ്ക്ക് ഓരോന്നിനും പ്രത്യേക ലേബൽ തയ്യാറാക്കി തിരിച്ചറിയത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

8. <u>നഴ്സറിയുടെ ചുമതല.</u>—(1) കൃഷിമേഖലയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കാവുന്ന അറിവ് സമ്പാദിച്ചിട്ടുള്ള വ്യക്തികളെ നഴ്സറിയുടെ ചുമതല ഏൽപ്പിക്കേണ്ടതാണ്.

(2) നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും അപ്രകാരമുള്ള വ്യക്തികളുടെ ചുമതലയിലായിരിക്കേണ്ടതാണ്.

9. <u>നടീൽ വസ്തുക്കളുടെ ഉൽപ്പാദനം.</u>—(1) നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന മാതൃസസ്യങ്ങൾ ഗുണമേന്മയുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(2) വിത്തുകൾ, കിഴങ്ങ്, വേര്, തണ്ട് എന്നിങ്ങനെ നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിന് ഉപയോഗിക്കുന്ന ഏതൊരു വസ്തുവും കേന്ദ്ര/സംസ്ഥാന സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, കേന്ദ്ര/സംസ്ഥാന സർക്കാർ ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായവ ആയിരിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ ആവശ്യമായവ ലഭ്യമല്ലാത്തപക്ഷം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരമുള്ള സർക്കാർ അംഗീകൃത കേന്ദ്രങ്ങളിൽ നിന്നും അവ വാങ്ങാവുന്നതാണ്.

(4) നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വ്യക്തമാക്കുന്ന കാർഷിക രംഗത്തെ ഗവേഷണ സ്ഥാപനങ്ങൾ പുറത്തിറക്കിയിട്ടുള്ള പാക്കേജ് ഓഫ് പ്രാക്ടീസ് വിശദമാക്കുന്ന രീതികൾക്ക് നഴ്സറികളിൽ പ്രാമുഖ്യം നൽകേണ്ടതാണ്.

(5) നടീൽ വസ്തുക്കളുടെ ഉൽപ്പാദനം റൂട്ട് സ്റ്റോക്ക്, സയോൺ എന്നിവയുടെ ലഭ്യതയ്ക്ക് ആനുപാതികമായിരിക്കേണ്ടതാണ്.

(6) സർക്കാർ ആവശ്യപ്പെടുന്നപക്ഷം അപ്രകാരം ഓരോ പ്രദേശത്തേയ്ക്കും കാലാകാലങ്ങളിൽ ആവശ്യമായ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കുവാൻ നഴ്സറികൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

10. <u>മാതൃസസ്യത്തിന്റെ പരിചരണം.</u>—(1) ഒരു പ്രോജനി ഓർച്ചാർഡിൽ മാതൃ സസ്യങ്ങളുടെ ആരോഗ്യം നിലനിർത്തുന്നതിനാവശ്യമായ പരിചരണമുറകൾ തുടരെ നടത്തേണ്ടതാണ്.

(2) അപ്രകാരം മാതൃസസ്യങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കപ്പെടാവുന്ന കാലയളവിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നത് ബ്ലോക്കുതലത്തിൽ ചുമതലപ്പെട്ട കൃഷി ഓഫീസറുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്.

(3) പ്രോജനി ഓർച്ചാർഡിലെ പരിശോധനയിൽ മാതൃസസ്യത്തിന്,—

(i) ഗുണനിലവാരം വേണ്ടത്ര ഇല്ലാത്ത കാർഷികോൽപ്പന്നം ലഭിക്കുകയോ;

(ii) അസ്ഥിരമായ വിളവ് ലഭിക്കുകയോ;

(iii) ഓരോ ഇനത്തിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണഗണങ്ങൾ ഇല്ലെങ്കിൽ;

(iv) കീട - രോഗാക്രമണം നിയന്ത്രിതമല്ലാത്ത രീതിയിൽ ബാധിക്കുന്നതായി കണ്ടെത്തിയാൽ;

(v) പൊതുതാല്പര്യം കണക്കിലെടുത്ത് ഏതെങ്കിലും കാരണം പരിശോധനാ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്നതായാൽ;

അത്തരത്തിലുള്ള മാതൃസസ്യങ്ങളെ ക്വാറന്റൈൻ നടപടികൾക്ക് വിധേയമാക്കേണ്ടതും വംശവർദ്ധനയ്ക്ക് ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്.

(4) ക്വാറന്റൈൻ നടപടികൾക്ക് വിധേയമാക്കപ്പെട്ട മാതൃസസ്യങ്ങളിൽ രോഗ - കീടാക്രമണം അപകടകരമായ രീതിയിൽ വർദ്ധിക്കുന്നതായി കണ്ടെത്തുന്നപക്ഷം നഴ്സറിയുടെ ഉടമസ്ഥനോ ചുമതല വഹിക്കുന്നയാളോ സ്വന്തം ചെലവിൽ അപ്രകാര മുള്ള സസ്യങ്ങൾ നശിപ്പിക്കേണ്ടതാണ്.

11. കൃഷി ഓഫീസറുടെ ചുമതലകൾ.—നഴ്സറി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ചുമതലപ്പെട്ട കൃഷി ഓഫീസർ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും, അതായത്:—

(i) നിർണ്ണയിക്കപ്പെടുന്ന കാലയളവിൽ സ്ഥലത്തെ നഴ്സറിയിലെ പ്രോജനി ഓർച്ചാർഡ് പരിശോധിക്കുക;

(ii) നടീൽ വസ്തുക്കളുടെ ഓരോ ഇനത്തിന്റെയും ഗുണഗണങ്ങൾ, പരിശുദ്ധി എന്നിവ നിർദ്ദേശിക്കപ്പെട്ട പ്രകാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കുക;

(iii) പരിശോധനയുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ ഇൻസ്പെക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുക;

(iv) നഴ്സറിയിൽ ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഓരോ ബാച്ചിന്റെയും വിതരണത്തിന് മുമ്പുതന്നെ അവയുടെ ഗുണമേന്മ പരിശോധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുക;

(v) നഴ്സറിയിൽ വളർത്തിയിട്ടുള്ള നടീൽ വസ്തുക്കളുടെ ഇനം, എണ്ണം, നിർദ്ദേശിച്ച ഗുണനിലവാരമുള്ള വസ്തുക്കൾ ഉൽപ്പാദിപ്പിച്ചതിന്റെ വിശദാംശം എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുക;

(vi) നിശ്ചിത ഗുണനിലവാരമില്ലാത്ത നടീൽ വസ്തുക്കൾ നിർബന്ധമായും നശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുക;

(vii) ക്വാറന്റൈൻ നടപടികൾക്ക് വിധേയമാക്കേണ്ടവ സംബന്ധിച്ച് നിർദ്ദേശം നൽകുക;

(viii) രോഗ - കീടാക്രമണം നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുക;

(ix) നഴ്സറികൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക;

(x) നഴ്സറിയിൽനിന്നും വിൽക്കപ്പെടുന്ന നടീൽ വസ്തുക്കളുടെ ഓരോ ഇന ത്തിന്റെയും വില നിയന്ത്രണവും ഏകീകരണവും നടത്തുക.

12. നഴ്സറി ഉടമയുടെ ഉത്തരവാദിത്വങ്ങൾ.—സംസ്ഥാനത്ത് വിത്ത് വർഗ്ഗങ്ങളും ചെടികളും ഉൽപ്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതുമായ നഴ്സറികളുടെ ഉടമ സ്ഥർക്ക് ഇനി പറയുന്ന ഉത്തരവാദിത്വങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) നഴ്സറിക്ക് ആവശ്യമായ അംഗീകാരം, ലൈസൻസ് എന്നിവ സമ്പാദിക്കുക;

(ii) നഴ്സറിക്കാവശ്യമായ മാതൃസസ്യങ്ങൾ അഥവാ നടീൽ വസ്തുക്കൾ ഗുണ മേന്മയുള്ളതാണെന്ന് ഉറപ്പാക്കുക;

(iii) പ്രോജനി ഓർച്ചാർഡിന് ആവശ്യമായ ജലസേചനം ഉൾപ്പെടെ സസ്യ വളർച്ചയ്ക്കാവശ്യമായ എല്ലാ സാഹചര്യങ്ങളും ഒരുക്കുക;

(iv) പ്രോജനി ഓർച്ചാർഡിൽ വളർത്തിയിരിക്കുന്ന മാതൃസസ്യങ്ങളുടെ ഗുണഗ ണങ്ങൾ, ശേഖരിച്ച സ്ഥലം, തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വിത്തിന്റെ സംശുദ്ധി എന്നീ കാര്യങ്ങൾ സംബന്ധിച്ച ആധികാരിക പ്രമാണങ്ങൾ സൂക്ഷിക്കുക;

(v) നടീൽ വസ്തുക്കളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ, പ്രമാണങ്ങൾ എന്നിവ സൂക്ഷിക്കുക;

(vi) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും സർക്കാരിന്റെ കാലാകാലങ്ങളിൽ പൊതുവായതോ പ്രത്യേകിച്ചോ നൽകുന്ന ഉത്തരവിനും വിധേയമായി ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുക;

(vii) നഴ്സറിയുടെ പരിശോധനാ ഉദ്യോഗസ്ഥന് നടത്തേണ്ട കർത്തവ്യങ്ങൾക്ക് സൗകര്യങ്ങൾ നൽകുക;

(viii) പരിശോധനാ ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ പാലിക്കുക;

(ix) ഗുണനിലവാരമില്ലാത്തതോ രോഗ – കീടാക്രമണം വർദ്ധിതമായോ കാണുന്ന നടീൽ വസ്തുക്കൾ നശിപ്പിക്കുക;

(x) ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭിക്കാത്ത നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയോ വില്പന നടത്തുകയോ ചെയ്യാതിരിക്കുക;

(xi) വില്പന നടത്തുന്ന കേന്ദ്രങ്ങളിൽ സ്റ്റോക്ക് രജിസ്റ്റർ, ക്യാഷ് ബില്ലുകൾ എന്നിങ്ങനെയുള്ള രേഖകൾ സൂക്ഷിക്കുക;

(xii) നടീൽ വസ്തുക്കളുടെയും ചെടിച്ചട്ടി, വളം തുടങ്ങിയ അനുബന്ധ സാമഗ്രികളുടെയും വില്പന നടത്തുന്നതിൽ ഉപഭോക്താക്കളിൽനിന്നും ഏകീകൃത വില മാത്രം ഈടാക്കുക;

(xiii) നടീൽ വസ്തുക്കളുടെ ഇനം തിരിച്ചുള്ള വിലവിവര പട്ടിക വില്പന കേന്ദ്രത്തിൽ പ്രദർശിപ്പിക്കുക;

(xiv) സർക്കാർ സംഘടിപ്പിക്കുന്ന കാർഷിക പ്രദർശന മേളകളിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശം ലഭിക്കുന്നപക്ഷം പങ്കെടുക്കുക, ആവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുക;

(xv) നഴ്സറി നടത്തിപ്പുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

13. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.—നിർണ്ണയിക്കപ്പെടാവുന്ന മാതൃകയിലുള്ള ഇനിപ്പറയുന്ന രജിസ്റ്ററുകൾ നഴ്സറിയിൽ സൂക്ഷിക്കേണ്ടതാണ്, അതായത്:—

(i) നടീൽ വസ്തുക്കളുടെ ഉൽപ്പാദന പ്രവൃത്തികൾ;

(ii) സ്റ്റോക്ക് രജിസ്റ്റർ;

(iii) വില്പന രജിസ്റ്റർ;

(iv) ഇൻസ്പെക്ഷൻ രജിസ്റ്റർ.

14. അംഗീകാരം റദ്ദാക്കൽ.—(1) നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, വിതരണം, നഴ്സറിയുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതായി പരിശോധനയിൽ വെളിപ്പെടുന്നപക്ഷം അപ്രകാരമുള്ള കാരണത്താൽ അങ്ങനെയുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകാവുന്നതും നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നഴ്സറി ഉടമ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ അങ്ങനെയുള്ള നഴ്സറിയുടെ ലൈസൻസ് റദ്ദാക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ലൈസൻസ് റദ്ദാക്കിയ കാരണത്താൽ നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ കൃഷിവകുപ്പ് ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ അപേക്ഷയിന്മേൽ കൃഷിവകുപ്പ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

15. ലൈസൻസിംഗ് അതോറിറ്റി.—(1) നഴ്സറികൾ നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനംവഴി നിയോഗിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ, സംസ്ഥാനത്തുടനീളം, നിർണ്ണയിക്കപ്പെട്ട പ്രകാരം അധികാരം വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

16. ലൈസൻസ് നൽകിയതിന്റെ വാർഷിക റിപ്പോർട്ട്.—(1) സംസ്ഥാനത്ത് പ്രവർത്തിക്കുന്നതോ പ്രവർത്തനം തുടങ്ങുന്നതോ ആയ നഴ്സറികളുടെ ലൈസൻസ് പുതുതായി നൽകുന്നതോ പുതുക്കുന്നതോ സംബന്ധിച്ചുള്ളതും അതുമായി ബന്ധപ്പെട്ടതുമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു വാർഷിക റിപ്പോർട്ട് നിർണ്ണയിക്കപ്പെടുന്ന അത്തരം ഫോറത്തിലും അത്തരം സമയത്തും പ്രിൻസിപ്പൽ കൃഷി ഓഫീസർ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭിച്ചാൽ കഴിവതും വേഗം അങ്ങനെയുള്ള റിപ്പോർട്ട് കേരള നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

17. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—കൃഷി ഓഫീസർ, ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവർ ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസത്തിൽ എടുത്ത ഏതൊരു നടപടിക്കും പ്രവൃത്തിക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

18. അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, ഈ ആക്റ്റിൻകീഴിലുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ അത് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

19. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തു തന്നെഅടങ്ങിയിരുന്നാലും അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

20. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിന് ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

21. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതൊരു കാര്യവും, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതലുള്ള രണ്ട് വർഷക്കാലാവധി അവസാനിച്ചതിനുശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം കേരള നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

സംസ്ഥാനത്തെ കാർഷിക മേഖലയുടെ പ്രോത്സാഹനത്തിന്റെ ഭാഗമായി ഗുണമേന്മയുള്ള വിത്ത്, വളം എന്നിവയുടെ വിതരണം, ജൈവ കീട-രോഗ നിയന്ത്രണം എന്നിവയ്ക്ക് പ്രാധാന്യം നൽകി വരുന്നു. കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിൽ നടീൽ വസ്തുക്കളുടെ ഗുണനിലവാരത്തിന് പ്രമുഖ സ്ഥാനമാണുള്ളത്.

നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും സർക്കാർ മേഖലയ്ക്ക് പുറമെ വളരെയധികം സ്വകാര്യ നഴ്സറികളിലും നടത്തപ്പെടുന്നു. കൃഷി വകുപ്പിന്റെ ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും വിവിധ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ടെങ്കിലും സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലേയ്ക്കും ആവശ്യമായ പഴം, പച്ചക്കറി, നാണ്യവിള, ഔഷധച്ചെടികൾ, ഉദ്യാനച്ചെടികൾ എന്നിവയുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നതിൽ സ്വകാര്യ നഴ്സറികൾക്ക് വലിയ പങ്കുണ്ട്.

എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്വകാര്യ നഴ്സറികൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ചും നടീൽ വസ്തുക്കൾക്കും ചെടിച്ചട്ടി, വളം തുടങ്ങിയ അനുബന്ധ സാമഗ്രികൾക്കും അന്യായമായ വില ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നുണ്ടെന്നുമുള്ള ചില പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് സ്വകാര്യ നഴ്സറികളിൽ ഉത്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകളും നടീൽ വസ്തുക്കൾക്കും അനുബന്ധ സാമഗ്രികൾക്കുമുള്ള വില ഏകീകരിക്കുന്നതിനും കൂടാതെ നഴ്സറി നടത്തിപ്പുമായി ബന്ധപ്പെട്ട ലൈസൻസിംഗ് തുടങ്ങിയവയും ഏർപ്പെടുത്തേണ്ടതുണ്ട്. ഇത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ആവർത്തകമായോ അനാവർത്തകമായോ യാതൊരു ചെലവും വരുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിന്റെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം ലൈസൻസിനുള്ള അപേക്ഷാഫോറത്തിന്റെ മാതൃകയും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(3) ബില്ലിലെ 3-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം നഴ്സറി നടത്തുന്നതുമായി ബന്ധപ്പെട്ട് ലൈസൻസിനുള്ള ശിപാർശ നൽകുന്നതിൽ സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങളിലെ നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(4) ബില്ലിലെ 3-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം നഴ്സറി ലൈസൻസ് അപേക്ഷയിന്മേലുള്ള ശിപാർശ കൃഷി ഓഫീസർ നൽകേണ്ടതിന്റെയും ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകേണ്ടതിന്റെയും കാലയളവ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(5) ബില്ലിലെ 5-ാം ഖണ്ഡം ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ലൈസൻസ് പുതുക്കലിനുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃകയും ഫീസും പുതുക്കുന്ന ലൈസൻസിനുള്ള കാലാവധിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ നഴ്സറിക്കുണ്ടാകേണ്ട കുറഞ്ഞ സ്ഥലസൗകര്യം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8)ബില്ലിലെ 10-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം മാതൃസസ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ട കാലയളവ് നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(9) ഖണ്ഡം 13 നഴ്സറിയിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(10) ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കാരണം കാണിക്കൽ നോട്ടീസ് ലഭിച്ച ഉടമസ്ഥന് മറുപടി നൽകുന്നതിനുള്ള കാലയളവ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(11) ബില്ലിലെ 14-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം അപ്പീൽ അപേക്ഷ നൽകുന്നതിനുള്ള കാലയളവ് നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(12) ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ലൈസൻസിംഗ് അതോറിറ്റിയെ നിയോഗിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(13) ബില്ലിലെ 15-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ലൈസൻസിംഗ് അതോറിറ്റിയുടെ അധികാരങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(14) ബില്ലിലെ 16-ാം ഖണ്ഡം ലൈസൻസ് നൽകിയതും പുതുക്കിയതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വാർഷിക റിപ്പോർട്ടിന്റെ മാതൃകയും റിപ്പോർട്ട് നൽകേണ്ട കാലവും നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(15) ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(16) ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(17) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടി ക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.